auto beatz
The First Complete Auto Portal in Malayalam

# ഇന്ത്യന് ഇസൂസൂ മോഡലുകള്, Auto beatz, June 29

ജപ്പാന് കമ്പനി ഇസൂസൂവിന്റെ മോഡലുകള് ഇനി ഇന്ത്യയില് നിര്മിക്കും. ഹിന്ദുസ്ഥാന് മോട്ടോഴ്സിന്റെ തിരുവള്ളൂര് ( ചെന്നൈയ്ക്ക് സമീപം ) പ്ലാന്റിലാണ് തായ്ലന്റില് നിന്നും ഇറക്കുമതി ചെയ്ത ഘടകങ്ങള് കൂട്ടിയോജിപ്പിച്ച് വാഹനങ്ങള് ഉത്പാദിപ്പിക്കുക. ഇതു സംബന്ധിച്ചുള്ള കരാറില് ഇരുകമ്പനികളും ഒപ്പു വച്ചു.

ഈ വര്ഷം ഫെബ്രുവരിയിലാണ് ഇസൂസൂവിന്റെ എംയു സെവന് എസ്യുവിയും ഡി മാക്സ് പിക്ക് അപ്പ് ട്രക്കും ഇന്ത്യയില് വില്പ്പനയ്ക്കെത്തിയത്. രാജ്യത്ത് അസംബ്ലി ചെയ്തു നിര്മിക്കുമ്പോള് ലഭിക്കുന്ന നികുതി ഇളവ് ഉപയോഗപ്പെടുത്തി മോഡലുകളുടെ വില കുറയ്ക്കാന് ഇസൂസൂവിനു കഴിയും. നിലവില് ഹൈദരാബാദ് , കോയമ്പത്തൂര് എന്നിവിടങ്ങളില് ഇസൂസൂവിന് ഡീലര്ഷിപ്പുണ്ട്. ഈ വര്ഷം അവസാനത്തോടെ 10 ഡീലര്ഷിപ്പുകള് കൂടി തുറക്കാനാണ് കമ്പനിയുടെ നീക്കം.

ആന്ധ്രാപ്രദേശിലെ ശ്രീ സിറ്റിയില് സ്വന്തമായി പ്ലാന്റ് സ്ഥാപിക്കാന് ഇസൂസൂ മോട്ടോഴ്സ് ഇന്ത്യയ്ക്ക് പദ്ധതിയുണ്ട്. ആയിരത്തി അഞ്ഞൂറു കോടി രൂപ മുതല്മുടക്കുള്ള പ്ലാന്റിന്റെ നിര്മാണം 2016 ല് പൂര്ത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

സികെ ബിര്ള ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള ഹിന്ദുസ്ഥാന് മോട്ടോഴ്സുമായി ഇസൂസൂവിനുള്ള കൂട്ടുകെട്ടിന് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. കോണ്ടസ , അംബാസഡര് മോഡലുകള്ക്ക് ഇസൂസൂവിന്റെ എന്ജിന് ഉപയോഗിച്ചിരുന്നു.

http://www.autobeatz.com/news_details.php?nid=628